കളിലും പ്രത്യേകിച്ച് നീണ്ടകര, വിഴിഞ്ഞം, കൊച്ചി എന്നിവിടങ്ങളിൽ പോലീസ് കൺട്രോൾ റൂമുകൾ ആരംഭിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

18 (*108) ഉൾനാടൻ ജലാശയങ്ങളിലെ പരമ്പരാഗത മത്സ്യസമ്പത്ത്

ശ്രീ. ബി. വിജയകുമാർ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉൾനാടൻ ജലാശയങ്ങളിലെ പരമ്പരാഗത മത്സ്യസമ്പത്ത് കുറഞ്ഞുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സങ്കരയിനം മത്സ്യക്കുഞ്ഞുങ്ങളെ വൻതോതിൽ ഉൾനാടൻ ജലാശയങ്ങളിൽ വളർത്തുന്നതുമൂലം നാടൻ ഇനങ്ങൾ വംശനാശഭീഷണി നേരിടുകയാണെന്ന വസ്തുത ഗവൺമെന്റിനറിവുണ്ടോ;

(സി) ഈ ശോഷണം തടയുന്നതിനുള്ള പദ്ധതികൾ എന്തെങ്കിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) നാടൻ ഇനം മത്സ്യക്കുഞ്ഞുങ്ങളെ വൻതോതിൽ നേഴ്സറികളിൽ ഉല്പാദിപ്പിച്ച് ഉൾനാടൻ ജലാശയങ്ങളിൽ തുറന്നുവിട്ട് വംശനാശം തടയാനുള്ള പദ്ധതി തയ്യാറാക്കാൻ നിർദ്ദേശം നൽകുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിൽ നാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുവേണ്ടി നാടൻമത്സ്യങ്ങളുടെ കുഞ്ഞുങ്ങളെ കൃത്രിമ പ്രജനനംവഴി വൻതോതിൽ ഉൽപ്പാദിപ്പിച്ച് സാമൂഹ്യ മത്സ്യക്കൃഷി പദ്ധതി പ്രകാരം കായലുകളിലും മറ്റും നിക്ഷേപിക്കുന്ന ഒരു പദ്ധതി കഴിഞ്ഞ വർഷം ഫിഷറീസ് വകുപ്പും അഡാക്കും യോജിച്ച് നടപ്പാക്കിയിരുന്നു. ഇതനുസരിച്ച് നാടൻ മത്സ്യങ്ങളായ കരിമീൻ, വരാൽ, കാരി എന്നിവയുടെ കുഞ്ഞുങ്ങളെ വേമ്പനാട്ടുകായലിൽ നിക്ഷേപിക്കുകയുണ്ടായി.

19 (*109) മറ്റു സംസ്ഥാനങ്ങളിൽ ജോലിക്കുപോകുന്ന തൊഴിലാളികൾ

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :

ശ്രീ. എളമരം കരീം :

ശ്രീ. എം.വി. ജയരാജൻ :

ശ്രീ. പിരപ്പൻകോട് മുരളി :

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly